LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാങ്കേതികമായ തടസ്സങ്ങൾ ഇല്ലെങ്കിൽ റേഷൻകാർഡ് മുൻനിശ്ചയ പ്രകാരം വിതരണം ചെയ്യും.

(ബി) പുതിയ കാർഡുകൾ വിതരണം ചെയ്യുമ്പോൾ എ.പി.എൽ. എന്നതിനുപകരം പൊതുവിഭാഗവും ബി.പി.എൽ. എന്നതിനുപകരം മുൻഗണനാ വിഭാഗമായിരിക്കും ഉണ്ടാവുക. അതിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് നിലവിൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിന് സർക്കാർ 14-1-2011-ന് സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ. പ്രകാരമുള്ള ഉത്തരവും 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. ഉത്തരവും 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ഭ.സി.സ.വ. ഉത്തരവും അടിസ്ഥാനമാക്കിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാരണത്താൽ അർഹതയുള്ള എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

കൽപ്പറ്റ മണ്ഡലത്തിലെ സിവിൽസപ്ലൈസ് സ്ഥാപനങ്ങൾ

182 (5267) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ;

(ബി) ഇതിൽ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിൽ 95 റേഷൻ കടകളും 2 റേഷൻ മൊത്ത വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വൈത്തിരിയിൽ താലൂക്ക് സപ്ലൈ ഓഫീസും കൽപ്പറ്റയിൽ

ജില്ലാ സപ്ലൈസ് ഓഫീസും പ്രവർത്തിക്കുന്നു. കൂടാതെ ഭക്ഷ്യ വകുപ്പിന്റെ കീഴിലുള്ള സിവിൽസപ്ലൈസ് കോർപ്പറേഷന്റെ 8 മാവേലി സ്റ്റോറുകളും 2 സൂപ്പർ മാർക്കറ്റുകൾ, ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ, ഒരു സപ്ലൈകോ ഡിപ്പോ എന്നിവയും ടി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് എ.ആർ.ഡി. നമ്പർ -99, കുട്ടമംഗലം എ.ആർ.ഡി. നമ്പർ-100, മുണ്ടേരി എന്നീ റേഷൻകടകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മുട്ടിൽ, വെണ്ണിയോട്, മൂപൈനാട് എന്നിവിടങ്ങളിൽ ഓരോ മാവേലി സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്.

(സി) കൽപ്പറ്റയിൽ ഉർക്കി ബസാറിൽ പുതിയ റേഷൻകട ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് താലൂക്ക് സപ്ലൈ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ പിണങ്ങോട് ഔണിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് കെട്ടിടം കണ്ടെത്തി നൽകിയാൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കഴിയും. എം.എൽ.എ. ഫണ്ടുപയോഗപ്പെടുത്തി രണ്ടാമതൊരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിലക്കയറ്റം

183 (5268) ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓണം-റംസാൻ കാലത്ത് പൊതു കമ്പോളത്തിൽ അവശ്യസാധന വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വില വർദ്ധന പിടിച്ചു നിർത്തുന്നതിനായി എന്തെല്ലാം കമ്പോള ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് ; ഇവ മുൻകാലങ്ങളിലുള്ളതു ഇടപെടലുകൾ നടത്തിയിട്ടുണ്ടോ ;

(സി) വിപണി ഇടപെടലിനായി സിവിൽസപ്ലൈസ് കോർപ്പറേഷന് ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly